"ഭരണഭാഷ- മാതൃഭാഷ"

10 APR 2023

4/4/23

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. REV-T2/12/2023-REV
റവന്യൂ (റ്റി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 03-04-2023

A6

<u>**സർക്കുലർ**</u>

വിഷയം:- റവന്യൂ വകുപ്പ് - സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു

സൂചന:- 1. 07.10.2021 ലെ GO(P)No.1/2021/PIE&MD നമ്പർ ഉത്തരവ്

വിവിധ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ അപേക്ഷകന്റെ അർഹത തെളിയിക്കുന്നതിനായി, സേവന ദാതാക്കളായ വകുപ്പുകൾ, സ്ഥാപനങ്ങൾ വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടാറുണ്ട്. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുമ്പോൾ ഒഴിവാക്കാവുന്ന സർട്ടിഫിക്കറ്റുകൾ ഒഴിവാക്കുന്നതിനും, സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ, നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ സൂചന സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

Section
10/4/2023
Submit copy of ref. letter.

റവന്യൂ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് പകരം ബദൽ രേഖകൾ സ്വീകരിക്കാമെന്നും ആയതിലേയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ നിലവിലെ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നുമാണ് പ്രസ്തുത ഉത്തരവിലെ നിർദ്ദേശം. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി പല സ്ഥാപനങ്ങളിലും / വകുപ്പുകളിലും ഇപ്പോഴും റവന്യൂ വകുപ്പ് അനുവദിക്കുന്ന സാക്ഷ്യപത്രങ്ങൾ തന്നെ അപേക്ഷകരോട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സൂചന (1) ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം

AC (DM)

I/5679751/2023

ബന്ധപ്പെട്ട വകുപ്പുകൾ അവരവരുടെ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ/മാന്വലുകൾ/സർക്കാർ ഉത്തരവുകൾ എന്നിവയിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്താൽ മാത്രമേ പ്രസ്തുത ഉത്തരവ് അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസൃതമായും പരമാവധി ഫലപ്രദമായും പൊതു ജനങ്ങൾക്ക് സഹായകമായ വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും സേവന വകുപ്പ് എന്ന നിലയിൽ ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ നൽകാൻ റവന്യൂ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്.

മേൽ സാഹചര്യത്തിൽ സേവന വകുപ്പ് എന്ന നിലയിൽ റവന്യൂ വകുപ്പിൽ നിന്നും നിലവിൽ നൽകി വരുന്ന സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകർക്ക് തുടർന്നും നൽകേണ്ടതാണ് എന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നു.

ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
Date: 03-04-2023 16:56:36
സെക്ഷൻ ഓഫീസർ.

പകർപ്പ്:

കമ്മീഷണർ,
ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്,
തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കും
(കമ്മീഷൻ മുഖേന)
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്.ന്